പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1635 13.06.2014- ൽ മറുപടിക്ക്

അനാഥാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നതിലെ മാനദണ്ഡം

ചോദ്യം
ശ്രീ. ഇ.കെ. വിജയൻ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനാഥാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്; | (എ) | ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള, ഗ്രാന്റ് ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ ബന്ധപ്പെട്ട അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുന്നു. ഇതിൽ സാമൂഹ്യനീതി ഡയറക്ടർ ശുപാർശ ചെയ്യുന്ന അപേക്ഷകൾ സർക്കാർ പരിശോധിച്ച് ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂഷനായി ഉത്തരവാകുന്നു. ഇപ്രകാരം അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസിൽ സെപ്റ്റംബർ 30 ന് മുമ്പ് അപേക്ഷ നൽകുന്നു. അത് ജില്ലാ ഓഫീസർ പരിശോധിച്ച് പ്രൊവിഷണൽ ഗ്രാന്റ് അനുവദിക്കുന്നു. തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് ഇൻ എയ്ഡ് നൽകിയത് റഗുലറൈസ് ചെയ്യുന്നു. വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. ഇത് ഗ്രാമ പഞ്ചായത്തുകളിൽ 34,000 |

| | | | |
|---|---|---|---|
| | | | രൂപയും നഗര പ്രദേശങ്ങളിൽ 38,000 രൂപയും വാർഷിക വരുമാന പരിധിയിലുൾപ്പെടുന്ന കുടുംബങ്ങളിലെ കുട്ടികൾക്കാണ് നൽകുന്നത്. നിലവിൽ ഒരു കുട്ടിക്ക് പ്രതിമാസം 700 രൂപയാണ് നൽകുന്നത്. ഇത് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1000 രൂപയായി ഉയർത്തിയിട്ടുണ്ട്. സ്ഥാപനങ്ങൾ അന്തേവാസികളുടെ 75% ശതമാന ത്തിൽ കുറയാതെയുള്ള കുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചിരിക്കണം, 5 നും 21 നും ഇടയിൽ പ്രായമുള്ള കുട്ടികളായിരിക്കണം, ഒരു കുട്ടിക്ക് താമസിക്കാൻ 40 sq ft സ്ഥല സൗകര്യം ഉണ്ടായിരിക്കണം, മതിയായ സാനിറ്റേഷൻ സൗക ര്യങ്ങൾ ഉണ്ടായിരിക്കണം എന്നീ നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. |
| (ബി) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനത്ത് 1,153 സ്ഥാപനങ്ങൾ കുട്ടികൾക്ക് വേണ്ടിയും 515 സ്ഥാപനങ്ങൾ വൃദ്ധജനങ്ങൾക്ക് വേണ്ടിയും 199 സ്ഥാപനങ്ങൾ വിഭിന്ന ശേഷിയുള്ളവർക്കായും 10 സ്ഥാപ നങ്ങൾ ഭിക്ഷക്കാർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളായും പ്രവർത്തിച്ച് വരുന്നു. അനാഥാലയങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (സി) | ഇത്തരത്തിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് പരിശോധന നടത്താറുണ്ടോ? | (സി) | ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വേണ്ടി സംസ്ഥാന തലത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാന സമിതിയും, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എം എൽ എ മാർ ഉൾപ്പടെയുള്ളവർ അംഗങ്ങൾ ആയിട്ടുള്ള നിരീക്ഷണ സമിതിയും നിലവിലുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ജില്ലാ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിന് ഉദ്യോഗസ്ഥ |

| | | | |
|---|---|---|---|
| | | | തലത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങൾ ഓരോ 4 വർഷം കൂടുമ്പോഴും ഓർഫനേജ് കൺട്രോൾ ബോർഡ് എല്ലാ അടിസ്ഥാന സൗകര്യങ്ങളും നേരിട്ട് പരിശോധിച്ച് അംഗീകാരം പുതുക്കി നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**